**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 37** **23-07-2021 - ൽ മറുപടിയ്ക്ക്**

**മുട്ടിൽ മരംമുറി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ. അൻവർ സാദത്ത് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | മുട്ടിൽ മരംമുറി കേസിൽ പിടിച്ചെടുത്ത തടി സ്വാഭാവിക വനമേഖലയിൽ നിന്നും മുറിച്ചെടുത്തിട്ടുള്ളതാണെന്ന് സർക്കാർ ഹൈക്കോടതിയിൽ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; | (എ) | മുട്ടിൽ മരംമുറിയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത 49 കേസുകളിൽ 47 എണ്ണത്തിലും മരം മുറിച്ചത് പട്ടയഭൂമിയിൽ നിന്നാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. അവശേഷിച്ച രണ്ട് കേസുകളിൽ മരത്തിന്റെ ഉറവിടം കണ്ടെത്താൻ അന്വേഷണം നടത്തി വരുകയാണ്. പിടിച്ചെടുത്ത തടികളുടെ ഉടമസ്ഥാവകാശം തെളിയിക്കാൻ കഴിയാത്ത സാഹചര്യത്തിലാണ് വനനിയമം സെക്ഷൻ 69 പ്രകാരം വനഭൂമിയിൽ നിന്ന് മുറിച്ചതാകാമെന്ന് സർക്കാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത എതിർ സത്യവാങ്മൂലത്തിൽ രേഖപ്പെടുത്തിയിട്ടുള്ളത്. |
| (ബി) | റവന്യൂ പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കാൻ നൽകിയ ഉത്തരവിനെത്തുടർന്ന് വനമേഖലയിൽ നിന്നും മരങ്ങൾ മുറിച്ചു കടത്തുവാൻ സാഹചര്യമുണ്ടായത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | 24.10.2020 തീയതിയിലെ GO (Rt) No. 261/2020/ റവന്യൂ ഉത്തരവ് ദുർവ്യാഖ്യാനം ചെയ്ത് കർഷകർക്ക് പതിച്ച് നല്കിയ പട്ടയഭൂമികളിൽ നിന്നുമാണ് മരങ്ങൾ മുറിച്ച് കടത്തിയത് എന്നാണ് പ്രാഥമിക വിവരങ്ങളിൽ കാണുന്നത്. വനഭൂമിയിലെ മരങ്ങൾ മുറിച്ച് മാറ്റുവാൻ പ്രസ്തുത ഉത്തരവ് സാഹചര്യ മുണ്ടാക്കിയതായി കാണുന്നില്ല. |
| (സി) | സർക്കാർ ഉത്തരവിനെത്തുടർന്ന് നടന്ന അനധികൃത മരം മുറിയ്ക്ക് ഉന്നത ഉദ്യോഗസ്ഥരുടെയും മുൻ വനം മന്ത്രിയുടെ ഓഫീസിന്റെയും പിന്തുണയുണ്ടായിരുന്നു എന്ന് ആരോപണങ്ങൾ ഉയർന്ന സാഹചര്യത്തിൽ കുറ്റക്കാരെ ശിക്ഷിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) | പട്ടയഭൂമിയിലെ മരംമുറിയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളും ആഭ്യന്തരം, വനം, വിജിലൻസ് വകുപ്പുകൾ ചേർന്ന സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിന്റെ അന്വേഷണ ത്തിലാണ്. |

സെക്ഷൻ ഓഫീസർ